പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.839

30.6.2011ൽ മറുപടിക്ക്

**ആലത്തൂർ നിയോജക മണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ: | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ)ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള യു.റ്റി.റ്റി. കമ്പനിയുടെ ഭൂമിയിൽ നിരവധി വർഷങ്ങളായി പാട്ടകൃഷി നടത്തുകയും വീട് വെച്ച് താമസിക്കുകയും ചെയ്യുന്ന മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) യു.റ്റി.റ്റി കമ്പനിയുടെ പക്കൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിൽ നിരവധി വർഷങ്ങളായി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) പ്രസ്തുത മേഖലയിലെ എത്ര കൃഷിക്കാർക്ക് നാളിതുവരെ പട്ടയം നൽകിയിട്ടുണ്ട് ; ഇനി എത്ര കൃഷിക്കാർക്ക് പട്ടയം നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) ടി മിച്ചഭൂമിയായി ഏറ്റെടുത്ത സ്ഥലത്തിൽ ഒരേക്കർ ഭൂമിവരെ കൈവശം വച്ചു വരുന്ന 450 കൈവശക്കാർക്ക് മിച്ചഭൂമി പതിച്ചു നൽകുന്നതിനായി നടപടി സ്വീകരിച്ചു വരുന്നതിൽ 151 പേർക്ക് "offer of assignment" (ഫാറം 18) നൽകിയിട്ടുണ്ട്. ഇതുകൂടാതെ 165 പേർക്ക് "offer of assignment" തയ്യാറാക്കിയത് വിതരണം ചെയ്യുന്നതിനായി തഹസീൽദാരെ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) പട്ടയം ലഭിക്കാത്ത കർഷകർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ ; എങ്കിൽ എന്ന് പട്ടയം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (സി) യു.റ്റി.റ്റി. കമ്പനിയിലെ ഭൂമിയിൽ താമസിക്കുന്ന അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ